**ശ്രദ്ധക്ഷണിക്കൽ**

താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടൽ

ശ്രീ. കെ. രാജൻ: സർ, 1945-ൽ തിരുവനന്തപുരം കേന്ദ്രീകരിച്ച് രൂപീകരിച്ച കേരളത്തിന്റെ മദർ ബാങ്കാണ് എസ്.ബി.ടി.

ശ്രീ. പി. ജെ. ജോസഫ്: സർ, ഏഴ് ദിവസമായി നിയമസഭയിൽ എം.എൽ.എ.-മാർ നടത്തുന്ന നിരാഹാരസമരം അവസാനിപ്പിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. കെ. രാജൻ: ഞാൻ സൂചിപ്പിച്ചത എസ്.ബി.ടി-യെ എസ്.ബി.ഐ.യിൽ ലയിപ്പിക്കാനുള്ള നീക്കം പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം ചർച്ച ചെയ്തിട്ടുള്ളതാണ്. എസ്.ബി.ടി. മാത്രമല്ല, സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ്, സ്റ്റേറ്റ് ബാങ്ക് ഓഫ് പട്യാല, സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കാനീർ & ജയ്പൂർ

എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങളെ എസ്.ബി.ഐ. നേരിട്ട് ഏറ്റെടുക്കുന്നതിനും അതിൽ ലയിപ്പിച്ച് ഇല്ലാതാക്കുന്നതിനും വേണ്ടിയുള്ള നടപടികളാണ് ആരംഭിച്ചിട്ടുള്ളത്. കേരളത്തിൽ ബാങ്കിംഗിന്റെ നാലിലൊരു ഭാഗം കൈകാര്യം ചെയ്യുന്നത് എസ്.ബി.ടി.-യാണ്. കേരളത്തിന്റെ എല്ലാ മേഖലകളിലുമുള്ള ആളുകൾക്ക് എസ്.ബി.ടി. വ്യാപകമായി വായ്പ ലഭ്യമാക്കിയിട്ടുണ്ട്. കർഷകർ, ചെറുകിട വ്യവസായികൾ, വ്യാപാരികൾ, സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടവർ തുടങ്ങിയവർക്ക് വായ്പ നൽകുന്നതിലും ഭവന-വിദ്യാഭ്യാസ-സ്വർണ്ണപ്പണയ വായ്പകൾ നല്കുന്നതിലുമൊക്കെ എസ്.ബി.ടി. വളരെ വലിയ പ്രാധാന്യമാണ് നല്കിയിട്ടുള്ളതെന്നാണ് അതിന്റെ 71 വർഷത്തെ പ്രവർത്തനത്തിൽ തെളിയിച്ചിട്ടുള്ളത്. എസ്.ബി.ടി.-ക്ക് കേരളത്തിൽ മാത്രം 852 ശാഖകളും 1345 എ.റ്റി.എം.-കളും 14,892 സ്ഥിരം ജീവനക്കാരും ഇപ്പോൾ നിലനില്ക്കുന്നുണ്ട്. പൊതുമേഖലാ ബാങ്കുകളെ ആറോ ഏഴോ ആക്കി ചുരുക്കി രാജ്യാന്തര കോർപ്പറേറ്റ് ബാങ്കിംഗ് ബിസിനസ്സ് നടത്തി വൻകിട ബാങ്കുകളാക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ എസ്.ബി.ഐ. അതിന്റെ കൂടെയുള്ള 5 ബാങ്കുകളെ വിഴുങ്ങാനുള്ള

ശ്രമം നടത്തുന്നത്. ആഗോള വിപണിയിലേക്ക് പ്രവേശിക്കുമ്പോൾ മത്സരക്ഷമതയുടെ പേര് പറഞ്ഞ് ബാങ്ക് ശാഖകളുടെയും തൊഴിലാളികളുടെയും പുന:ക്രമീകരണമായിരിക്കും പ്രധാനപ്പെട്ട ലക്ഷ്യമായി അവർ നടത്താൻ പോകുന്നതെന്ന് ദീർഘകാലമായി നമുക്കറിയാം. ആഗോള സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ബാങ്കുകളെ മെർജ് ചെയ്യുന്നതിന്റെ ഭാഗമായി അവർ നടപ്പിലാക്കാൻ പോകുന്ന ഏറ്റവും പ്രധാനപ്പെട്ട പരിപാടി ബാങ്കിന്റെ ശാഖകൾ അടച്ചുപൂട്ടുകയും തൊഴിലാളികളെ പുറന്തള്ളുകയും ചെയ്തുകൊണ്ട് ഇടപാട് ചെലവുകൾ ചുരുക്കാമെന്നുള്ളതാണ്. പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ തന്നെ എസ്.ബി.ടി.-യെ ലയിപ്പിക്കാനുള്ള നീക്കം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപക്ഷേപം അവതരിപ്പിക്കുകയും ചട്ടം 130 അനുസരിച്ച് ഇത് ചർച്ച ചെയ്യുകയും ഏകകണ്ഠമായ നിലപാട് സ്വീകരിച്ച് ഉപക്ഷേപം പാസ്സാക്കുകയും ചെയ്തിട്ടുള്ളതാണ്. സഭ ചർച്ചചെയ്ത പ്രധാന വിഷയം, സ്വാഭാവികമായും നടപടി വരുമ്പോൾ തൊഴിലാളിവിരുദ്ധ നടപടികളായിരിക്കും എസ്.ബി.ഐ.-യുടെ നേതൃത്വത്തിൽ നിർദ്ദേശിക്കപ്പെടാൻ പോകുന്നതെന്നാണ്. ഇപ്പോൾ വർഷങ്ങളായുള്ള ആ നടപടി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടുവരികയാണ്.

വർഷങ്ങളായി എസ്.ബി.ടി.-യുടെ ശാഖകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ എസ്.ബി.ഐ. മാനേജ്മെന്റ് എസ്.ബി.ടി.-ക്ക് നിർദ്ദേശം കൊടുത്തിട്ടുള്ള വാർത്ത ഇപ്പോൾ വളരെ വ്യാപകമായി വരികയാണ്. ജീവനക്കാർ വിരമിക്കുമ്പോഴും അവർക്ക് സ്ഥാനക്കയറ്റം ലഭിക്കുമ്പോഴും പുതിയ ശാഖകൾ ഉണ്ടാകുമ്പോഴും പുതിയ ഓഫീസുകൾ തുറന്നപ്പോഴുമൊക്കെ ഉണ്ടായ ഒഴിവുകളിൽ പുതിയ ആളുകളെ നിയമിക്കാതെ താൽക്കാലിക ജീവനക്കാരെ നിയമിച്ചതുമൂലമാണ് വ്യാപകമായി ഇപ്പോൾ ഒഴിവുകൾ നിലനില്ക്കുന്നത്. 2013-നശേഷവും ആ ഒഴിവുകളിൽ താൽക്കാലിക ജീവനക്കാരെ ഉപയോഗിച്ച് ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. എസ്.ബി.ടി.-യുടെ ദീർഘകാലമായുള്ള നിയമനത്തിന്റെ ഒരു ശീലം, താൽക്കാലികമായി ആളുകളെ എടുക്കുകയും അതുകഴിഞ്ഞ് നടക്കുന്ന ഇന്റർവ്യൂവിൽ അവർക്ക് മുൻഗണന നല്കിക്കൊണ്ട് സ്ഥിരം നിയമനത്തിനുള്ള അവസരം ഒരുക്കുകയുമാണ് ചെയ്യുന്നത്. ദീർഘകാലമായി എസ്.ബി.ടി.യിൽ നിലനില്ക്കുന്ന ഒരു പൊതുസ്ഥിതിയാണ്. എന്നാൽ എസ്.ബി.ഐ.-യിൽ സ്ഥിതി വ്യത്യസ്തമാണ്. എസ്.ബി.ഐ.-യിൽ കുറെക്കാലം കൊണ്ട് ചെയ്തുകൊണ്ടിരിക്കുന്നത്, പുതിയ സാമ്പത്തിക

നയത്തിന്റെ ഭാഗമായി മാനേജ്മെന്റുകൾ കൈക്കൊള്ളുന്നതുപോലെ പുറംകരാർ ഏൽപ്പിക്കുക എന്ന നടപടിയാണ്. ഇപ്പോൾ എസ്.ബി.ഐ. ശ്രമിക്കുന്നത് സ്ഥിരം ജീവനക്കാർ വേണ്ട; താൽക്കാലിക ജീവനക്കാർക്ക് ജോലി കൊടുക്കേണ്ട; ജോലി സുരക്ഷയും തൊഴിൽ സുരക്ഷയും ഒരു പ്രശ്നമല്ല; വ്യാപകമായി ചെറിയ വേതനം നല്കിക്കൊണ്ട് ഔട്ട് സോഴ്സിംഗ് നടത്തുകയെന്നുള്ളതാണ്. ഞാൻ ഇവിടെ ഉന്നയിക്കുന്ന പ്രശ്നം, എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിലേക്ക് ലയിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി 20 വർഷംവരെ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളെ പറഞ്ഞുവിടാനുള്ള നിർദ്ദേശം എസ്.ബി.ഐ. ഇപ്പോൾ എസ്.ബി.ടി.ക്ക് നല്കിക്കൊണ്ടിരിക്കുന്നു. എസ്.ബി.ടി. കേരളത്തിന്റെ തൊഴിൽ മേഖലകളിൽ നല്കിക്കൊണ്ടിരിക്കുന്ന സുരക്ഷിതത്വം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഇക്കഴിഞ്ഞ ഉപക്ഷേപവുമായി ബന്ധപ്പെട്ട് ചട്ടം 130 അനുസരിച്ചുള്ള ചർച്ചയിൽ പതിനാലാം കേരളനിയമസഭയുടെ ഒന്നാം സമ്മേളനം ചർച്ച ചെയ്യുകയും അതിന്റെ ആശങ്ക രേഖപ്പെടുത്തുകയും ചെയ്തതാണ്. എന്നാൽ ഇപ്പോൾ വ്യാപകമായി എസ്.ബി.ടി.യിലെ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാനുള്ള നീക്കം നടക്കുകയാണ്. ഇത് ഏതെങ്കിലും ഒരു

രാഷ്ട്രീയപ്രസ്ഥാനമോ ഏതെങ്കിലും ഒരു തൊഴിലാളി പ്രസ്ഥാനമോ ഉന്നയിക്കുന്ന ഒരു പ്രശ്നമല്ല. എസ്.ബി.ടി.-എസ്.ബി.ഐ. ലയനത്തിനെതിരെ ആയിരക്കണക്കിന് തൊഴിലാളികൾ പങ്കെടുത്ത, ഗാന്ധിജയന്തി ദിനത്തിൽ (ഒക്ടോബർ 2) തിരുവനന്തപുരത്ത് നടന്ന സംസ്ഥാനതലത്തിലുള്ള അവരുടെ സമരം ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയും ഉൾപ്പെടെയുള്ള ശ്രദ്ധേയരായ എല്ലാ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും ആളുകൾ പങ്കെടുക്കുകയും അവരുടെ ആശങ്ക രേഖപ്പെടുത്തുകയും ചെയ്തു. എസ്.ബി.ടി.-യുടെ യൂണിയനായ എ.ഐ.ബി.ഇ.എ. ഇവരുമായി ബന്ധപ്പെട്ട പ്രശ്നം തിരുവനന്തപുരം റീജിയണൽ ലേബർ കമ്മീഷണറുടെ മുമ്പിൽ ഉന്നയിക്കുകയും അതിന്റെ നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തുകൊണ്ടിരിക്കുന്നു. 20 വർഷമായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന ജീവനക്കാരെ ഇത്ര ഭീകരമായി, ഏകപക്ഷീയമായി പിരിച്ചുവിടുന്ന നടപടി അത്യന്തം ക്രൂരവും തൊഴിലാളി വിരുദ്ധവുമാണെന്ന പ്രശ്നം നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ പ്രശ്നം നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി ചെയ്യാൻ പോകുന്ന നടപടികളെക്കുറിച്ച് വിശദീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ബാങ്ക് നിയമനത്തിന്റെ കാര്യത്തിൽ ചില പൊതുവായ മാനദണ്ഡങ്ങൾ ഉണ്ട്. ബാങ്ക് ഇൻഡസ്ട്രി ലെവൽ ബൈ പാർട്ടി എഗ്രിമെന്റ്, ബാങ്ക് ലെവൽ എഗ്രിമെന്റ്സ്, ആർ.ബി.ഐ. ഗൈഡ്‌ലൈൻസ്, കേന്ദ്ര ഗവൺമെന്റ് തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമനം, പ്രൊമോഷൻ, സ്ഥലംമാറ്റം, ശമ്പള ഘടന, മറ്റു സേവന വേതന പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടത്. എന്നാൽ എസ്.ബി.ടി.-യിലെ നിയമനങ്ങളിൽ ഈ പൊതു മാനദണ്ഡങ്ങളെല്ലാം പാലിക്കപ്പെടുന്നില്ല എന്നുള്ളത് പരിശോധിച്ചപ്പോൾ കാണാൻ കഴിയുന്നുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തെ ഏറെ ഉൽകണ്ഠയോടെയാണ് ഗവൺമെന്റ് വീക്ഷിക്കുന്നത്. കേരളത്തിന്റെ കാർഷിക മേഖലയിലടക്കം എസ്.ബി.ടി. നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. കേരള സർക്കാരിന്റെ

സാമ്പത്തിക ഇടപാടുകൾ ബഹുഭൂരിപക്ഷവും എസ്.ബി.ടി. വഴിയാണ് നിർവ്വഹിച്ചു വരുന്നത്. ഇത്തരത്തിൽ എസ്.ബി.ടി.-യുമായി കേരളത്തിന് പ്രത്യേക വൈകാരികബന്ധം തന്നെയുണ്ട്. എസ്.ബി.ടി.-യെ എസ്.ബി.ഐ-യിൽ ലയിപ്പിക്കാനുള്ള നീക്കം കേരളത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണെന്ന് തന്നെയാണ് സർക്കാരിന്റെ അഭിപ്രായം. വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് ഈ നീക്കത്തിൽനിന്നും കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പിൻമാറണമെന്ന് ആവശ്യപ്പെട്ട് 2016 ജൂലൈ 18-ാം തീയതി കേരള നിയമസഭ പ്രമേയം പാസ്സാക്കി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലെ ആയിരത്തോളം പ്യൂൺ/സ്വീപ്പർ തസ്തികകളിൽ സ്ഥിര നിയമനത്തിന് പകരം ദിവസക്കൂലി അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഇവർക്ക് യാതൊരുവിധ നിയമന ഉത്തരവും നൽകിയിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. ഈ സാഹചര്യത്തിൽ നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തി ജീവനക്കാരെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ പ്രശ്നത്തിൽ കേരളത്തിലെ തൊഴിൽ വകുപ്പ് കേന്ദ്ര

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ റീജിയണൽ കമ്മീഷണറുമായി ബന്ധപ്പെട്ട് സംസാരിച്ചിട്ടുണ്ട്. കൂടിയാലോചനകൾ നടത്തി വരുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. ബാങ്ക് ലയനത്തിന്റെ ഭാഗമായി ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതടക്കമുള്ള കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും തൊഴിലാളികളുടെ ജോലി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിപ്പിക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് ആവശ്യമായ മുൻകൈ എടുക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

<u>ശ്രീ. കെ. രാജൻ</u>: സർ, സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നടപടി വളരെ അഭിനന്ദനാർഹവും തൊഴിലാളിപക്ഷ നിലപാട് എടുക്കുന്ന ഒരു ഗവൺമെന്റ് ചെയ്യേണ്ടതുമാണ്. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷെ ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയ പ്രശ്നം, ഇത്തരം ലയനങ്ങളിലൂടെ വളരെ ദീർഘകാലമായി നിലവിലുള്ള പുരോഗമന പക്ഷങ്ങൾ ഉയർത്തിപ്പിടിച്ചിരിക്കുന്ന ചില യാഥാർത്ഥ്യങ്ങൾ നമുക്ക് ബോദ്ധ്യപ്പെടുകയാണ്. താൽക്കാലിക ജീവനക്കാരെ മാത്രമല്ല സ്ഥിരം നിയമനങ്ങളും വളരെ ഭീകരമായി ഒഴിവാക്കാൻ കേന്ദ്ര ഗവൺമെന്റ് തുടർന്നുവരുന്ന നയത്തിന്റെ ഭാഗമായിരിക്കും ഇത്.

ബി.എസ്.ആർ.ബി. ഇപ്പോൾ നിലനിൽക്കുന്നില്ല. റെയിൽവേ മേഖലയിൽ വ്യാപകമായി തൊഴിലുകൾ ഇല്ലാതാക്കാനുള്ള ശ്രമം നടത്തുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങളുടെ ഗൗരവം കണക്കിലെടുത്തുകൊണ്ട് വളരെ വേഗത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഏജൻസിയുമായി ചർച്ച ചെയ്യാനുള്ള തയ്യാറെടുപ്പ് ഈ ഗവൺമെന്റ് നടത്തിയെന്ന് പറയുന്നത് വളരെ സന്തോഷകരവും അഭിമാനകരവുമാണ്. കുറെക്കൂടി വേഗതയിൽ ഈ പ്രശ്നത്തിൽ ഇടപെടാനും ഇതുമായി ബന്ധപ്പെട്ട് സമരം നടത്തുന്ന സംഘടനകളെ തൊഴിൽ വകുപ്പുമന്ത്രി തന്നെ നേരിട്ട് ഒരു ചർച്ചയ്ക്ക് ക്ഷണിച്ചുകൊണ്ട് കേരളത്തിന്റെ നിലപാട്, ഈ പ്രശ്നത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ അഭ്യർത്ഥിക്കുകയെന്നല്ലാതെ മറ്റൊരു നിലപാടും കേരളത്തിന് സ്വീകരിക്കാൻ കഴിയില്ലായെന്ന് എനിക്ക് അറിയാം. കേരളത്തിലെ ഗവൺമെന്റിന്റെ പാരമ്പര്യവും എസ്.ബി.ടി.-യുടെ പാരമ്പര്യവും വച്ച് കുറച്ചുകൂടി ഗൗരവമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, എസ്.ബി.ടി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കുന്നതിന് പൂർണ്ണമായും ഗവൺമെന്റ് എതിരാണ്. നിലവിലുള്ള സംവിധാനം തുടരണമെന്നും നിയമനങ്ങളെല്ലാം

നിയമാനുസൃതമായി സ്വീകരിക്കണമെന്നതും ഗവൺമെന്റിന്റെ സമീപനമാണ്. അത് ഞാൻ ഈ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ സെൻട്രൽ റീജിയണൽ കമ്മീഷണറുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ 16.10.2016-ന് ബന്ധപ്പെട്ട സംഘടനകളുമായി ചർച്ചയ്ക്ക് സംവിധാനം ഒരുക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ ചർച്ചയുടെ നില കൂടി പരിശോധിക്കാം. ഒരു യാഥാർത്ഥ്യം നമ്മൾ കാണേണ്ടത്, 1991 മുതൽ ഇന്ത്യയിൽ നടപ്പിലാക്കിവരുന്ന ഉദാരവൽക്കരണ നയം കോർപ്പറേറ്റുകളുടെ താൽപര്യം മുൻനിർത്തിയാണ് പ്രാവർത്തികമാക്കി വരുന്നത്. ഇത് ബാങ്കുകളുടെ സ്വകാര്യവൽക്കരണത്തിലേയ്ക്കും അതുപോലെ ബാങ്കുകളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താവുന്ന നിലയിലും പൊതുതാൽപ്പര്യത്തിന് വിരുദ്ധവുമായി ഈ നയത്തിന്റെ ഭാഗമായി സ്വീകരിച്ചുവരുന്നുണ്ട്. ഈ നയത്തിന്റെ സ്വാധീനം ബാങ്കുകളുടെ ലയനത്തിന്റെ പിറകിലും നമുക്ക് കാണാൻ സാധിക്കും. ബാങ്കിംഗ് മേഖലയിലെ എല്ലാ സംഘടനകളും ഈ ലയനത്തിന് എതിരായ സമീപനം തന്നെയാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ബാങ്കിന്റെ സംരക്ഷണത്തിനും എസ്.ബി.ടി.-യെ സ്വതന്ത്രമായി നിലനിർത്തുന്നതിനുമുള്ള

നിലപാട് സ്വീകരിക്കുന്നതിനും വീണ്ടും ഗവൺമെന്റ് ഇടപെടും. ഇപ്പോൾ നടത്തിവരുന്ന സമരം, കേന്ദ്രഗവൺമെന്റിനെക്കൊണ്ട് ഇടപെടൽ നടത്തി, തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളും കേരള ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. കേരള ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള പരിമിതി ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കുന്നുണ്ടെന്ന് തന്നെയാണ് കണക്കാക്കുന്നത്. കേന്ദ്രത്തിന്റെ നിയന്ത്രണത്തിലാണ് ഇത് പൂർണ്ണമായും നിൽക്കുന്നത്. സംസ്ഥാന ഗവൺമെന്റിന് പരിമിതിയുണ്ട്. പരിമിതികളുണ്ടെങ്കിലും സ്റ്റേറ്റ് ഗവൺമെന്റിന്റെ ഉത്തരവാദിത്തം ഇക്കാര്യത്തിൽ നിർവ്വഹിക്കുകതന്നെ ചെയ്യും.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. അബ്ദുൾ ഹമീദ് പി. സീറ്റിൽ ഇല്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)